## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 491 | 19.11.2019 - ൽ മറുപടിക്ക് |
|---|---|

## വ്യാപാരികൾക്കുള്ള വാറ്റ് നികുതി കുടിശ്ശിക നോട്ടീസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :<br>ശ്രീ. എം. ഉമ്മർ :<br>ശ്രീ. പി.കെ. ബഷീർ :<br>ശ്രീ. പാറക്കൽ അബ്ദുല്ല : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | വാറ്റ് നികുതി കുടിശ്ശിക ഈടാക്കുന്നതിനായി വ്യാപാരികൾക്ക് നൽകിയ നോട്ടീസുകളിൽ പിഴവ് സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്.<br>ജനറൽ സ്ക്രൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് നൽകിയ പ്രീ അസസ്സ്മെന്റ് നോട്ടീസുകളിൽ സൂചിപ്പിച്ചിട്ടുള്ള വിറ്റുവരവ് മറച്ചുവയ്ക്കൽ, വാങ്ങൽ മറച്ചുവയ്ക്കൽ തുടങ്ങിയവ എപ്രകാരം എത്തിച്ചേർന്നുവെന്ന കാര്യം വിശദമായി രേഖപ്പെടുത്തിയിട്ടില്ലായെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ട്. മാത്രമല്ല വ്യാപാരികൾക്ക് അനുവദനീയമായ പല ഇളവുകളും കണക്കിലെടുക്കാതെയാണ് നോട്ടീസ് തയ്യാറാക്കിയിട്ടുള്ളതെന്ന ആക്ഷേപവും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇപ്രകാരം പിഴവ് സംഭവിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (ബി) | വ്യാപാരികൾ തമ്മിൽ നടത്തിയിട്ടുള്ള ക്രയവിക്രയങ്ങളിലെ വ്യത്യാസങ്ങൾ, കൂടുതലായി എടുത്തിട്ടുള്ള ഇൻപുട്ട് ടാക്സ് ക്രഡിറ്റ്, മതിയായ രേഖകളില്ലാതെ എടുത്തിട്ടുള്ള നികുതി ഇളവുകൾ തെറ്റായി നികുതി നിരക്ക് കാണിച്ചിട്ടുള്ള ചരക്കുകളുടെ വിവരങ്ങൾ തുടങ്ങിയവ ക്രോഡീകരിച്ച് സ്റ്റാന്റലൈസ് സ്ക്രൂട്ടിണി ചെയ്യുന്നതിലേക്കായിട്ടാണ് ജനറൽ സ്ക്രൂട്ടിണി മോഡ്യൂൾ വികസിപ്പിച്ചത്.<br><br>സ്ക്രൂട്ടിനി മോഡ്യൂളിൽ ലഭ്യമായ വിവരങ്ങൾ വ്യാപാരികൾ ഫയൽ ചെയ്തിട്ടുള്ള റിട്ടേണുമായി താരതമ്യപ്പെടുത്തിയതിനു |

| | | | |
|---|---|---|---|
| | | | ശേഷം മാത്രമേ നോട്ടീസുകൾ നൽകാവൂ എന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടായിരുന്നു. എന്നിരുന്നാലും പല നികുതി നിർണ്ണയ അധികാരികളും പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാതെ സ്ക്രൂട്ടിനി മോഡ്യൂളിൽ നിന്ന് രൂപപ്പെട്ട നോട്ടീസുകൾ അതേപടി നൽകിയത് വ്യാപാര മേഖലയിൽ പ്രതിഷേധത്തിനിടയാക്കി. എന്നാൽ നോട്ടീസുകളിൽ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് വ്യാപാരികൾക്ക് മറുപടി നൽകുവാനും ഹിയറിംഗിനുമുള്ള അവസരം ലഭ്യമാക്കിയിരുന്നു. വ്യാപാര സംഘടനകൾ ആക്ഷേപങ്ങൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അവരുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയും ജനറൽ സ്ക്രൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് പുതിയ നോട്ടീസുകൾ നൽകേണ്ടതില്ലായെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. സ്ക്രൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് വ്യാപാരികൾക്ക് നൽകിയിട്ടുള്ള നോട്ടീസുകളിൽ നിയമ വകുപ്പുമായി ആലോചിച്ചു മാത്രമേ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ. എന്നാൽ കട പരിശോധന, വാഹന പരിശോധന, ഓഡിറ്റ്, ഏ.ജി.യുടെ നിരീക്ഷണങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ അസസ്സ്മെന്റ് നടപടികൾ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ